# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൂണേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി5/1490/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൂണേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി5/1490/2023 തീയ്യതി: 26/10/2023

## കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോഷോ ബെന്നറ്റ് ജോൺ (KAS) | ഡെപ്യൂട്ടി ഡയറക്ടർ | 16-09-2023 | 25-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2023 | 25-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സതീഷ് കുമാർ.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീ. ഷിബിൻ. കെ.എസ്, സീനിയർ ഗ്രേ. ഓഡിറ്റർ
ശ്രീ. വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷാഹിന പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാജശ്രീ സി.എച്ച് | സെക്രട്ടറി | 01-04-2022 | 19-04-2022 |
| | | 01-05-2022 | 12-09-2022 |
| ശ്രീ രാജീവൻ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-04-2022 | 30-04-2022 |
| | | 13-09-2022 | 07-10-2022 |
| ശ്രീമതി.സുമതി. എൻ (എച്ച് സി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2022 | 16-10-2022 |
| ശ്രീ ഷാജി. ആർ എസ് | സെക്രട്ടറി | 17-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജീവൻ വി | അസി.സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീമതി.ഇന്ദിര. കെ | അസി.സെക്രട്ടറി | 15-11-2022 | 31-03-2023 |
| ഡോ. സൗമ്യവതി എൻ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൾസലാം എസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.രഞ്ജുഷ.സി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീ. അഖിൽ കെ | വെറ്ററിനറി സർജൻ | 01-04-2022 | 12-08-2022 |
| ശ്രീ. അനീഷ് കുമാർ. കെ | വെറ്ററിനറി സർജൻ | 13-08-2022 | 13-01-2023 |
| ശ്രീ.മുസ്തഫ കെ.ടി | സീനിയർ വെറ്ററിനറി സർജൻ | 14-01-2023 | 31-03-2023 |
| ശ്രീമതി. അപർണ്ണ. എം. പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 12-01-2023 |

| | | | |
|---|---|---|---|
| ശ്രീമതി.വിനീത. കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 13-01-2023 | 31-03-2023 |
| ശ്രീ.ആനന്ദശീലൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് റോഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 17-05-2022 |
| ശ്രീമതി. സിന്ധു. വി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്ജ്) | 18-05-2022 | 28-07-2022 |
| ശ്രീമതി.ചന്ദന ചപ്രയിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-07-2022 | 31-03-2023 |
| ശ്രീമതി. റിജുല.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീ. മുഹമ്മദ് നവാസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2022 | 31-03-2023 |
| ശ്രീമതി. ദൃശ്യ. ഡി എസ് (എംപ്ലോയ്മെന്റ്) | കൃഷി ഓഫീസർ | 01-04-2022 | 26-09-2022 |
| ശ്രീമതി.അശ്വതി വിജയൻ(അധിക ചാർജ്ജ്) | കൃഷി ഓഫീസർ | 27-09-2022 | 31-10-2022 |
| | | 25-12-2022 | 07-02-2023 |
| ശ്രീമതി. നവ്യ രവീന്ദ്രൻ (എംപ്ലോയ്മെന്റ്) | കൃഷി ഓഫീസർ | 01-11-2022 | 24-12-2022 |
| ശ്രീമതി. ഷംന കെ (എംപ്ലോയ്മെന്റ്) | കൃഷി ഓഫീസർ | 08-02-2023 | 31-03-2023 |
| ശ്രീ മഹേഷ് കെ.കെ | വി.ഇ.ഒ -I | 01-04-2022 | 14-05-2022 |
| ശ്രീ രഞ്ജിത്ത് | വി.ഇ.ഒ -I | 14-05-2022 | 22-07-2022 |
| ശ്രീ.സിജിൻ | വി.ഇ.ഒ -I | 23-07-2022 | 04-01-2023 |
| ശ്രീ.ശൈലേഷ് | വി.ഇ.ഒ -I | 05-01-2023 | 12-01-2023 |
| ശ്രീ നിദാൽ | വി.ഇ.ഒ -I | 12-01-2023 | 31-03-2023 |
| ശ്രീമതി അനഘ പി.ടി | വി.ഇ.ഒ -II | 01-04-2022 | 17-11-2022 |
| ശ്രീ.സിജിൻ | വി.ഇ.ഒ -II | 18-11-2022 | 27-11-2022 |
| ശ്രീമതി കവിത | വി.ഇ.ഒ -II | 28-11-2022 | 22-12-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രികയില്‍ അടിസ്ഥാന അനുപാതങ്ങള്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റില്‍ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ട് വാര്‍ഷിക കണക്കില്‍ ഉള്‍പ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ആസ്തി രജിസ്റ്റര്‍ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | രജിസ്റ്ററുകള്‍ പൂര്‍ണ്ണമല്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ലെഡ്ജര്‍ ബാലന്‍സുകളും പ്രസ്തുത ശീര്‍ഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മില്‍ പ്രതിമാസ പൊരുത്തപ്പെടുത്തലുകള്‍ നടത്തുന്നില്ല | 1-1-7 |
| 9 | ചെലവഴിക്കാന്‍ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടും തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 16 | ക്ഷേമ പദ്ധതികള്‍ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ടാക്സ് ഓഡിറ്റ് | 1-9 |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിര്‍ണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു | 1-10 |
| 20 | കെട്ടിട നിര്‍മ്മാണചട്ടങ്ങള്‍ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പര്‍ നല്‍കി | 1-11 |
| 21 | ക്രമവല്‍ക്കരണ ഫീസ് ഈടാക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പര്‍ അനുവദിച്ചു | 1-12 |
| 22 | ഹോമിയോ മരുന്നുകള്‍ ലഭ്യമായില്ല | 1-13 |
| 23 | മെഡിക്കല്‍ ഓഫീസര്‍ (പി.എച്ച്.സി)വാങ്ങിയ ഫര്‍ണിച്ചറുകളും , മറ്റുപകരണങ്ങളും ഉപയോഗിക്കുന്നില്ല | 1-14 |

| | | |
|---|---|---|
| 24 | ലൈഫ് ഭവന പദ്ധതി - കരാർ ചമച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-15 |
| 25 | സ്യൂട്ട് രജിസ്റ്റർ - കൃത്യമായ വിവരങ്ങൾ ലഭ്യമല്ല | 1-16 |
| 26 | അജൈവമാലിന്യം കയറ്റി അയയ്ക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല | 1-17 |
| 27 | ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കിയില്ല- മെയിന്റനൻസ് റോഡ് ഫണ്ട് പുതിയ റോഡുകൾക്കായി വിനിയോഗിച്ചു. | 1-18 |
| 28 | നടപ്പാത നവീകരണം-പദ്ധതി പൂർത്തീകരണത്തിനായി തുടർ പദ്ധതി രൂപീകരിച്ചില്ല. | 1-19 |
| 29 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 30 | ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സമ്പന്ധിച്ച് | 1-21 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംമ്പന്ധിച്ച് | 1-22 |
| 32 | ടേക്ക് എ.ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-23 |
| 33 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 1-24 |
| 34 | അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല | 1-25 |
| 35 | സാക്ഷരത പ്രേരക് മാർക്ക് ഓണറേറിയം നൽകിയത് - തിരികെ ലഭിച്ചിട്ടില്ല. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.07.2023 ലെ 123/23 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ളുണേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ളുണേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 994220/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10158393/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും

പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ 9164173/- രൂപയുടെ വ്യത്യാസം കാണുന്നു.

1-1-3 ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെട്ട കനറാ ബാങ്ക് അക്കൗണ്ട് നം. 110042810016 ( Health Grants Buildingless PHC's) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയില്ല)

1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-5 രജിസ്റ്ററുകൾ പൂർണ്ണമല്ല

വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി-14 പ്രകാരം Closing Stock-stores നീക്കിയിരിപ്പ് ആയി 46325/- രൂപയും, ബി-5 ഷെഡ്യൂൾ പ്രകാരം Secured Loans-Loans From KURDFC എന്ന ഇനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി 9608270/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഷെഡ്യൂളുകളെ സാധൂകരിക്കുന്ന തരത്തിൽ സ്റ്റോക്ക് രജിസ്റ്ററിലും ലോൺ രജിസ്റ്ററിലും വിവരങ്ങൾ ചേർത്തിട്ടില്ല.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള വരവിനമായ വസ്തുനികുതിയുടെ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് 10.01.2023, 31.03.2023 എന്നീ തിയ്യതിയിൽ മാത്രമാണ്.

1-1-7 ലെഡ്ജർ ബാലൻസുകളും പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ മാത്രമാണ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നത്.

1-1-8 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം ICDS, ശുചിത്വമിഷൻ ഗ്രാന്റ്, Grants Funds And Contribution For Specific Purposes- Other Than Development Fund And State Sponsored Scheme Funds -Other Purposes, Total Sanitation,Grants Funds And Contribution For Specific Purposes- Other Government Agencies എന്നീ ഫണ്ടുകളുടെ ആകെ നീക്കിയിരിപ്പ് തുക 46,32,368/- രൂപയാണ്. എന്നാൽ ഇവയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിലെ (കനറാ ബാങ്ക്, അക്കൗണ്ട് നം. 30848) നീക്കിയിരിപ്പ് തുക 39,27,854/- രൂപ മാത്രമാണ്. 7,04,514/- രൂപയുടെ വ്യത്യാസം കാണുന്നു.

1-2 ബജറ്റ്

ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 ലെ 62/2022 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 21.03.2023 ലെ 1/64/23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 1658407 |
| വരവ് | 334569112 |
| ആകെ | 336227519 |
| ചെലവ് | 332227020 |
| നീക്കിയിരിപ്പ് | 4000499 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17787310 |
| വരവ് | 37321320 |
| ആകെ | 55108630 |
| ചെലവ് | 36327100 |
| നീക്കിയിരിപ്പ് | 18781530 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്തതായുള്ള തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13937667 | 13937667 | 13937667 | 0 |
| എസ് സി പി | 0 | 630270 | 630270 | 630270 | 0 |
| ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8957000 | 8957000 | 8951479 | 5521 |
| മെയിന്റനൻസ്, നോൺ | 0 | 4570000 | 4570000 | 4164629 | 405371 |

| | | | | | |
|---|---|---|---|---|---|
| – റോഡ് | | | | | |
| CFC ഗ്രാന്റ് Tied ട്രഷറി മുഖേന | 0 | 1461707 | 1461707 | 125832 | 1335875 |
| CFC ഗ്രാന്റ്-tied- PFMS മുഖേന | 3300286 | 4004000 | 7304286 | 2254968 | 5049318 |
| CFC ഗ്രാന്റ് Untied -ട്രഷറി മുഖേന | 0 | 917400 | 917400 | 481987 | 435413 |
| CFCഗ്രാന്റ് Untied – PFMS മുഖേന | 434331 | 3109694 (2669000+440694) | 3544025 | 2914661 | 629364 (42556+203808) |

കുറിപ്പ്- 2022-23 സാമ്പത്തിക വർഷാവസാനങ്ങളിൽ സി.എഫ്.സി ഗ്രാന്റുകളിലെ വിവിധ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത IT, CGST, SGST ഇനങ്ങളിലെ തുകകളായ 203808 രൂപ സി.എഫ്.സി ഫണ്ടിനുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(റോഡ് & നോൺ-റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 89772456 | 18122333 |
| വികസനഫണ്ട് (എസ്.സി.പി) | 1923730 | 1023730 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 13567000 | 9257000 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 6875633 | 4886633 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.(ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 110202070 | 131 | 50241394 | 54 | 35 | 46.38% |

## 1-6 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള വരവിനമായ വസ്തുനികുതിയുടെ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് 10.01.2023, 31.03.2023 എന്നീ തിയ്യതിയിൽ മാത്രമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ മാത്രമാണ് രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6515800 | 605 |
| വിധവാപെൻഷൻ | 10561800 | 980 |
| വാർദ്ധക്യകാല പെൻഷൻ | 19991800 | 1942 |
| വികലാംഗപെൻഷൻ | 3490200 | 317 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 471800 | 45 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12843/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-9 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തുനികുതി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203-ാം വകുപ്പ്, 2011 ലെ കേരള

പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൂണേരി ഗ്രാമപഞ്ചായത്തിലെ ടാക്സ് ഓഡിറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 7459 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി 1451 കെട്ടിടങ്ങളും, 3 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 145 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

നികുതി വരുമാനം

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ , നോൺറെസിഡൻഷ്യൽ , കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തു നികുതി വരവ് 36,18,430/- രൂപയാണ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 45,00,000/- രൂപയായിരുന്നു. ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്ഥിരംസമിതി നികുതി പിരിവ് സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തു വരുന്നുണ്ടെങ്കിലും നികുതിവരവ് ടാർജറ്റിൽ എത്തിക്കാൻ സാധിച്ചിട്ടില്ല.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നാദാപുരം ശാഖയിലെ 67391580780 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുന്നതിനുള്ള സജ്ജീകരണം ഒരുക്കി നികുതി അക്കൗണ്ടിൽ വരവ് വരുന്ന മുറയ്ക്ക് പഞ്ചായത്തിൽ എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2023 – 24 ലെ നികുതി പരിഷ്കരണം

22.03.2023 ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.07.2023 ലെ 151/2023 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ (സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5 ലെ നിർദ്ദേശം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല.

പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(1) ലും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതായി കാണുന്നില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ

ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6.നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

7.വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി നിർണ്ണയിച്ചു-നികുതി നഷ്ടം സംഭവിക്കുന്നു

തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സംരംഭക ലൈസൻസ് രജിസ്റ്റർ പ്രകാരം 369 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണ്ണയിക്കുമ്പോൾ കണക്കാക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സംരംഭക ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ പരിശോധിച്ചപ്പോൾ, തെറ്റായി കാണിച്ചതും സഞ്ചയയിൽ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപെട്ടു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ അപേക്ഷ നമ്പർ, അപേക്ഷകന്റെ പേര് | രജിസ്റ്റർ പ്രകാരം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | വാർഡ്/ കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|
| 114<br>മൊയ്തു.ടി.പി | ടി.പി.സ്റ്റോർ | 12/463 | പരവൻമീത്തൽ ചന്ദ്രൻ, കുളങ്ങര കണ്ടിയിൽ, നാദാപുരം | പാർപ്പിടാവശ്യം |
| 127 | ഏലിയാട്ട് അസോസിയേറ്റ്സ് | 5/24 | സൂപ്പി മുക്രികണ്ടിയിൽ, | പാർപ്പിടാ |

| | | | | |
|---|---|---|---|---|
| ഹമീദ് കളപ്പീടികയിൽ | | | കിഴക്കയിൽ, ആവോലം | വശ്യം |
| 168 അജിത, ബീന, ഷൈജു, അനിത | MRA ഷീറ്റ് | 2/3 Q | രാജൻ, കളത്തുംതാഴ കുനിയിൽ, തൂണേരി | പാർപ്പിടാവശ്യം |
| 181 ബിനീഷ് | കേരള ചിക്കൻ | 14/91 | പാറു, കുറ്റിവേലിക്കുനി, തൂണേരി | പാർപ്പിടാവശ്യം |
| 35 സുമേഷ്.പി.പി | വെൽഡിംഗ് ഷോപ്പ് | 14/630 | കെട്ടിടം നിലവിലില്ല | |
| 90 സുനിൽകുമാർ | ഫർണിച്ചർ | 8/ 160 B | കെട്ടിടം നിലവിലില്ല | |
| 191 സുബിൻ ബാബു. ടി | ജനറൽ സ്റ്റോർ | 9/ 378 B | കെട്ടിടം നിലവിലില്ല | |
| 273 ഷഫീഖ് | റൈറ്റ് വേ മാർക്കറ്റിംഗ് | 1/ 306 B | കെട്ടിടം നിലവിലില്ല | |
| 333 ഷനോജ് | ഡി.എസ് കമ്പ്യൂട്ടർ സെന്റർ | 13/ 375 J | കെട്ടിടം നിലവിലില്ല | |

ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി വാണിജ്യാവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു. ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ വിവരം കെട്ടിടഉടമ ഗ്രാമപഞ്ചായത്തിൽ അറിയിക്കാത്തതാണ് അപാകതയ്ക്ക് കാരണമാകുന്നത്. വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടം നിലവിലില്ല എന്ന രേഖപ്പെടുത്തിയിരിക്കുന്നു. പല ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് പരിശോധന കാര്യക്ഷമമല്ലാത്തതും അപാകതയ്ക്ക് കാരണമാവുന്നു. ഇത് കാരണം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അത്തരം കെട്ടിടങ്ങൾ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കേണ്ടതുമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-11 കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പർ നൽകി

| | |
|---|---|
| ഫയൽ നമ്പർ | SC2-2764/22, തീ-28.10.2022 |
| വാർഡ് നമ്പർ | 14 |
| റീ സർവേ നമ്പർ | 67/69 |
| വില്ലേജ് | ത്തുണേരി |
| താലൂക്ക് | വടകര |
| മേഖല | പ്രഥമം |
| പ്ലോട്ട് ഏരിയ | .0243 Ha |
| പെർമിറ്റ് നമ്പർ | A3-401/20, തീ-08.06.2020 |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 14/126C,14/126D,14/126E,14/126F,14/126G,14/126H,14/126I, 14/126J, 14/126K, 14/126L |

ഫയൽ നം. SC2-2764/22, തീ-28.10.2022 പ്രകാരം ത്തുണേരി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലെ റീ.സ നം. 67/69 ലെ .0243 Ha സ്ഥലത്ത് A3-401/20, തീ-08.06.2020 നമ്പർ പെർമിറ്റ് പ്രകാരമുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതിനായി ശ്രീ.അമ്മത്ഹാജി, ശ്രീമതി.ജമീല, പയച്ചിന്റവിട, ജാതിയേരി എന്നിവർ അപേക്ഷിച്ചിരുന്നു.

അപേക്ഷ സാങ്കേതിക വിഭാഗം പരിശോധിച്ച ശേഷം അപാകതകൾ അറിയിപ്പ് കിട്ടി 7 ദിവസങ്ങൾക്കകം പരിഹരിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് സെക്രട്ടറി 13.12.2022 ലെ 400936/BABC06/ GPO/2022/2764(1) പ്രകാരം അപേക്ഷകർക്ക് അറിയിപ്പ് നൽകി.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സാങ്കേതിക വിഭാഗം കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1) കെട്ടിടത്തിന്റെ ഒരു വശം സെറ്റ് ബാക്ക് 95 Cm മാത്രമേ സൈറ്റിൽ ലഭിക്കുന്നുള്ളൂ.

2) First Floor ൽ വരാന്ത 60 Cm വീതി മാത്രമേ സൈറ്റിൽ ലഭിക്കുന്നുള്ളൂ. 1.20 M ആവശ്യമാണ്.

3) റൂൾ 39 പ്രകാരമുള്ള എല്ലാ Facilities ഉം നൽകേണ്ടതാണ്.

4) റൂൾ 76 പ്രകാരമുള്ള Rain Water Harvesting Tank നൽകിയിട്ടില്ല.

5) കെട്ടിടത്തിലേക്ക് Ramp സൗകര്യം നൽകിയിട്ടില്ല.

അപാകതകൾ പരിഹരിച്ചതായി അറിയിച്ച് ശ്രീ. അമ്മത്ഹാജി, ശ്രീമതി.ജമീല എന്നിവർ 18.01.2023 ന് പ്ലാൻ മാറ്റി സമർപ്പിച്ചിരുന്നു. എന്നാൽ മാറ്റി സമർപ്പിച്ച പ്ലാൻ ഓവർസിയർ പരിശോധിച്ച് അപാകതകൾ പരിഹരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

സാങ്കേതിക വിഭാഗം പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ചു എന്ന് ഉറപ്പുവരുത്താതെ വാണിജ്യ കെട്ടിടത്തിന് 14/126 C, 14/126 D, 14/126 E, 14/126 F, 14/126 G, 14/126 H, 14/126 I, 14/126 J, 14/126K, 14/126L എന്നീ നമ്പറുകൾ അനുവദിക്കുകയും ചെയ്തു.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അപാകതകൾ നിലനിൽക്കെ ഒക്യുപൻസി അനുവദിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-12 ക്രമവൽക്കരണ ഫീസ് ഈടാക്കാതെ വാണിജ്യ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

| | |
|---|---|
| ഫയൽ നമ്പർ | A3-137/2021 |
| വാർഡ് നമ്പർ | 3 |
| റീ സർവേ നമ്പർ | 78/11 |
| വില്ലേജ് | തുണേരി |
| താലൂക്ക് | വടകര |
| മേഖല | പ്രഥമം |
| പെർമിറ്റ് നമ്പർ | A3-BA(62242)/2021, തീ-08.03.2021 |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 3/80 B, 3/80 C, 3/80 D, 3/80 E, 3/80 F |

A3-BA(62242)/2021, തീ-08.03.2021 നമ്പർ പെർമിറ്റ് പ്രകാരം തുണേരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ റീ.സ നം. 78/11 ലെ 0.1194 Ha സ്ഥലത്ത് 87.44 ച.മീ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീമതി.റാഫിയ, ശ്രീ.മുഹമ്മദ് അഫ്സൽ, ശ്രീ.മുഹമ്മദ് ഹാരിസ്, തിരിക്കോട്ട്, മുടവന്തേരി എന്നിവർക്ക് അനുമതി നൽകിയിരുന്നു.

15.12.2021 ന് വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി നമ്പർ ലഭിക്കുന്നതിനായ് ശ്രീമതി.റാഫിയ, ശ്രീ.മുഹമ്മദ് അഫ്സൽ, ശ്രീ.മുഹമ്മദ് ഹാരിസ് എന്നിവർ അപേക്ഷിച്ചു.

22.12.2021 ന് ഓവർസീയർ നടത്തിയ സ്ഥലപരിശോധനയിൽ അംഗീകരിച്ച പ്ലാനിൽ നിന്നുള്ള വ്യതിയാനം താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

Permitted Build Up Area – 87.44 $M^2$

Completed Build Up Area – 108.56 $M^2$

Deviation – 21.12 $M^2$

നിയമാനുസൃതമായ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് ഒക്യുപെൻസി അനുവദിക്കാവുന്നതാണെന്ന് 21.01.2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാർഡ് ക്ലാർക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 7820+395=8215 രൂപയും ക്രമവൽക്കരണ ഫീസ് 21.12x20=422 രൂപയും ഈടാക്കി കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കാവുന്നതാണെന്ന് സെക്ഷൻ ക്ലാർക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്രമവൽക്കരണ ഫീസ് അടച്ച് സെക്രട്ടറി അംഗീകാരം നൽകിയത് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമവൽക്കരണ ഫീസ് അടച്ച് സെക്രട്ടറി അംഗീകാരം നൽകാതെ വാണിജ്യ കെട്ടിടത്തിന് 3/80 B, 3/80 C, 3/80 D, 3/80 E, 3/80 F എന്നീ നമ്പറുകൾ അനുവദിച്ച സാഹചര്യം വിശദീകരിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 ഹോമിയോ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(ഹോമിയോ) ളുണേരി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് 22-23 വർഷം തുക കൈമാറിയെങ്കിലും നാളിതുവരെയായി മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | പദ്ധതി | അടങ്കൽ | ചെലവ് | ലഭിച്ച മരുന്ന കളുടെ തുക | ലഭിക്കാനുള്ള മരുന്ന കളുടെ തുക | ബിൽ നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|---|
| 1 | 41/23 | ഗവ.ഹോമിയോ ഡിസ്പെൻസറി യിലേക്ക് മരുന്ന വാങ്ങൽ | 300000 | 300000 | 123854 | 176146 | 98/ 13.12.22 |
| 2 | 42/23 | ആയുഷ് NHMഹോമിയോ ഡിസ്പെൻസറി യിലേക്ക് മരുന്ന വാങ്ങൽ | 200000 | 200000 | 82679 | 117321 | 99/ 13.12.22 |

| | | |
|---|---|---|
| ആകെ | 293467 | |

ആവശ്യമായ മരുന്നുകളും എത്രയും വേഗം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 293467/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-14 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)വാങ്ങിയ ഫർണിച്ചറുകളും , മറ്റുപകരണങ്ങളും ഉപയോഗിക്കുന്നില്ല

2022-23 വർഷം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്റ്റുകൾ പ്രകാരം വാങ്ങിയ ഫർണിച്ചറുകളും മറ്റുപകരണങ്ങളും, ഉപയോഗിക്കുന്നില്ല. 23.09.2023 ന് നേരിട്ട് ഹെൽത്ത് സെന്റർ സന്ദർശിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | വാങ്ങിയ ഉപകരണങ്ങൾ |
|---|---|---|---|---|
| 113/23 | പി.എച്ച്.സി.യിലേക്ക് ഫർണിച്ചർ വാങ്ങൽ | 274000 | 272000 | എയർപോർട്ട് ചെയർ 17 എണ്ണം |
| 185/23 | ലാബോറട്ടറി ഉപകരണങ്ങൾ സാമഗ്രികൾ വാങ്ങൽ | 180000 | 169400 | ബയോ കെമിസ്ട്രി അനലൈസർ |
| 187/23 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും | 80000 | 79650 | മൈക്രോസ്കോപ്പ് ഇൻക്യുബേറ്റർ, സേൻട്രിഫ്യൂജ്, ഹോട്ട് എയർ ട്രാവൽ |

ഹെൽത്ത് സെന്റർ കെട്ടിടം പണി നടക്കുന്നതിനാലാണ് ഉപയാഗിക്കാതിരിക്കുന്നതെന്ന കാര്യവും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആവശ്യകതയ്ക്ക് അനുസരിച്ച് മാത്രം സാധനങ്ങൾ വാങ്ങുന്നതിനും ഉപകരണങ്ങളുടെ വാറന്റി കാലാവധി ഉപയോഗിച്ചു തുടങ്ങുന്നത് മുതൽ ലഭ്യമാകുന്ന രീതിയിൽ കരാർ ചമക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ലൈഫ് ഭവന പദ്ധതി - കരാർ ചമച്ചിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

2022-23 വർഷം ലൈഫ് ഭവന പദ്ധതി പ്രകാരം 76 പേർക്ക് വി.ഇ.ഒ. യുമായി കരാർ വെച്ചതിൽ 12 പേർ മാത്രമാണ് നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയത്. ബാക്കി 62 പേർ

ഭവനനിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലാണ്. 2 പേർ നാളിതുവരെയായി ഭവനനിർമ്മാണം തുടങ്ങിയിട്ടില്ല.

2 പേരുടെ ഭവനനിർമ്മാണം തുടങ്ങുവാനും മറ്റുള്ളവരുടേത് തീർക്കുവാനും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. ലൈഫ് ഫെയ്സ് 2 - 2020-21 വർഷം കരാർ ചമച്ച 4 പേരും, 2021-22 വർഷം കരാർ ചമച്ച ഒരാളും, നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തീകരിച്ചായി കാണുന്നില്ല.

ഭവനനിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-16 സ്യൂട്ട് രജിസ്റ്റർ - കൃത്യമായ വിവരങ്ങൾ ലഭ്യമല്ല

ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ, നിലവിലുള്ള കേസുകളുമായി ബന്ധപ്പെട്ട കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. നിലവിലുള്ള കേസുകളുടെ ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സ്യൂട്ട് രജിസ്റ്റർ, നിലവിലുള്ള കേസുകളുടെ കൃത്യമായ വിവരങ്ങൾ, വക്കീലിന് നൽകിയ ഫീസുകൾ, കേസുകളുടെ നിലവിലെ സ്ഥിതി എന്നിവ സഹിതം രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയിയ 11.08.23 ന് അന്വേഷണക്കുറിപ്പ് (നം.4) മറുപടി ലഭ്യമാക്കുകയോ രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിൽ മേൽ സൂചിപ്പിച്ച വിവരങ്ങൾ രേഖപ്പെടുത്തി, ആയവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-17 അജൈവമാലിന്യം കയറ്റി അയയ്ക്കൽ-രേഖകൾ ഹാജരാക്കിയിട്ടില്ല

ഫയൽ നം. 400936/PHCD02/GPO/2023/818

ഉണേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും ശേഖരിച്ച 5660 Kg അജൈവ മാലിന്യങ്ങൾ കയറ്റി അയച്ച വകയിൽ കിലോഗ്രാമിന് 7.50/- രൂപ നിരക്കിൽ 42450/- രൂപ (വൗച്ചർ നമ്പർ. 22200876/9.2.2023) Eco Guards Foundation എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. മാലിന്യം കയറ്റി അയക്കുന്നതിന് Eco Guards Foundation എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുന്നതിന് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുറിപ്പ് ഫയലുകൾ പ്രകാരം തുക ചെലവഴിച്ചതിന് ശേഷം ഭരണസമിതിയിൽ നിന്നും സാധൂകരണം വാങ്ങാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ചെലവിന് ഭരണസമിതി സാധൂകരണം നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും, ഭരണസമിതിയുടെ അനുമതി ഇല്ലാതെയും മാലിന്യം കയറ്റി അയക്കാനും അതിന്, മേൽ കാണിച്ച വിധം തുക ചെലവഴിക്കാനുമുണ്ടായ അടിയന്തിര സാഹചര്യം വ്യക്തമല്ല.

2. മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ഗ്രാന്റിൽ 2193805/- രൂപ 2022-23 സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുണ്ട്. കൂടാതെ സ്ഥാപനത്തിന് CFC ടൈഡ്, അൺടൈഡ് ഇനങ്ങളിൽ ട്രഷറി അക്കൗണ്ടിലേക്ക് ലഭിച്ച തുകയിൽ 17,71,288/- രൂപയും, PFMS മുഖേന ലഭിച്ച 5678682/- രൂപയും ചെലവഴിച്ചിട്ടില്ല. മാലിന്യം കയറ്റി അയക്കുന്നതിന് പദ്ധതി തയ്യാറാക്കി ഇത്തരം ഫണ്ടുകളിൽ നിന്നും തുക ചെലവഴിക്കുന്നതിന് പകരം തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ കാരണം വിശദീകരിച്ചിട്ടില്ല.

3. മാലിന്യം കയറ്റി അയക്കുന്നത് സംബന്ധിച്ച് Eco Guards Foundation എന്ന സ്ഥാപനവുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതായി കാണുന്നില്ല. കയറ്റിക്കൊണ്ട് പോവുന്ന മാലിന്യം നിർമ്മാർജ്ജനം

ചെയ്യാനുള്ള കാര്യക്ഷമത മേൽ സ്ഥാപനത്തിനുണ്ടെന്ന തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന Weighing Slip ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാലിന്യം തൂക്കം എടുത്തിരിക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിലാണെന്ന് തെളിയിക്കുന്ന രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തപക്ഷം ചെലവ് തുക ഉത്തരവാദിയായ/തുക ചെലവഴിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 42450/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കിയില്ല- മെയിന്റനൻസ് റോഡ് ഫണ്ട് പുതിയ റോഡുകൾക്കായി വിനിയോഗിച്ചു.

[Next] സ.ഉ.(കൈ) നം.84/തസ്വഭവ തീയതി 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ കൊടുത്ത റോഡുകൾ പുതിയ റോഡുകളാണ്. ഇതിനായി ചെലവഴിച്ചിരിക്കുന്നത് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടാണ്. പഞ്ചായത്തിന്റെ 26-05-2021 ലെ 03/65/2021(2) നമ്പർ തീരുമാന പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകളൊന്നും അറ്റകുറ്റ പണി നടത്തുവാനായി നിലവിൽ ശേഷിക്കുന്നില്ല എന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടതിനാൽ 28-11-2012 ലെ 68228/FM.01 /2012/LSGD എന്ന സർക്കുലർ നിർദ്ദേശ പ്രകാരം മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ റോഡുകളുടെ മെറ്റലിംഗ് ടാറിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണ സമിതി ഐക്യകണ്ഠേന തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ചുവടെ കൊടുത്ത ഈ പുതിയ റോഡുകൾ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ചെയ്തിരിക്കുന്നത്.

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|
| 72 | വെള്ളോളി മുക്ക് പാലേരിക്കണ്ടി മുക്ക് റോഡ് | 200000/- {37000/- (Dev-Gnl) + 163000 (MG-Road)} | 195553/- {37000/-(Dev-Gnl) + 158553 (MG-Road)} |

| | | | |
|---|---|---|---|
| 65 | തച്ചം കണ്ടി നന്തോത്ത് താഴെ റോഡ് നവീകരണം | 600000/- (3L- Own Fund, 3L - (MG-Road)} | 600000/- (3L- Own Fund, 3L - (MG-Road)} |

മേൽ പട്ടികയിലെ വെള്ളോളിമുക്ക് പാലേരിക്കണ്ടി മുക്ക് റോഡ് 3 മീറ്റർ ഉള്ള ടാർ റോഡിൽ നിന്നും 37.8 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും മാത്രമാണ് കോൺക്രീറ്റ് റോഡ് ചെയ്തിട്ടുള്ളത്. സ്ഥല പരിശോധനയിൽ ഈ റോഡ് കഴിഞ്ഞ് മണ്ണ് റോഡാണ്. പട്ടികയിലെ രണ്ടാമത്തെ റോഡായ തച്ചം കണ്ടി നന്തോത്ത് താഴെ റോഡും പുതിയ ടാർ റോഡാണ്. ഇത് അവസാനിക്കുന്നിടത്തു നിന്നും നടപ്പാത മാത്രമാണുള്ളത്.

പഞ്ചായത്തിൽ മെയിന്റനൻസ് ആവശ്യമുള്ള റോഡ് ഉണ്ടോ എന്ന് വ്യക്തമാക്കുന്ന ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കാതെ പുതിയ റോഡുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതുമാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. എന്നാൽ നാളിതുവരെയായി പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ചെയ്ത റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നിലവിലെ ആസ്തി രജിസ്റ്ററിൽ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പ് R-Track മൊബൈൽ ആപ്ലിക്കേഷനിലൂടെ നടപ്പാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. ഇതിനാൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ആസ്തി സംരക്ഷണ പ്ലാൻ തയ്യാറാക്കേണ്ടതും ആസ്തി രജിസ്റ്റർ കാലികമാക്കി അറിയിക്കേണ്ടതും അപാകതകൾക്ക് വിശദ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-19 നടപ്പാത നവീകരണം-പദ്ധതി പൂർത്തീകരണത്തിനായി തുടർ പദ്ധതി രൂപീകരിച്ചില്ല.

പ്രോജക്റ്റ് നം - 72/22-23 (നിടുമ്പ്രത്ത് താഴെ നടപ്പാത നവീകരണം)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക = 156331/- (CFC)

ചെലവഴിച്ച തുക = 89623/-

ബിൽ തീയതി = 18-11-22

മേൽ പദ്ധതി പ്രകാരം 15.8 മീറ്റർ നീളത്തിൽ നിലവിലെ തോട് കെട്ടി ഇതിന് മുകളിലായി 2 മീറ്റർ വീതിയിൽ സ്ലാബ് ഇട്ട് നടപ്പാത നിർമ്മിക്കുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്ത് തുക ചെലവഴിച്ചിരിക്കുന്നത്. 24-09-2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ എം. ബുക്ക് പ്രകാരം 15.2 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും തോടിന് മുകളിലായി നടപ്പാത നിർമ്മിച്ചതായി കണ്ടു. എന്നാൽ പദ്ധതി പ്രകാരം നിർമ്മിച്ച നടപ്പാത കഴിഞ്ഞ് ഏകദേശം 50 മീറ്ററോളം നീളത്തിൽ ഇതേ പോലെ തോടിന് മുകളിലൂടെ നടപ്പാത നിർമ്മിച്ചാൽ മാത്രമേ പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് നടപ്പാത ഉപയോഗപ്രദമാവുകയുള്ളു. എന്നാൽ 2023-24 വർഷം ഇതിന്റെ തുടർ പ്രവർത്തനത്തിനായി പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. ഇതിനാൽ നിലവിൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച തുക പാഴായിപ്പോവുന്ന സാഹചര്യമാണുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയ്ക്കായി നിർമ്മിച്ച നടപ്പാത കൊണ്ട് നിലവിൽ ആർക്കും ഉപയോഗ പ്രദമല്ല എന്ന് സ്ഥല പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിനും നിലവിൽ ചെലവഴിച്ച തുക പാഴായി പോവാതിരിക്കുന്നതിനും ആവശ്യമായ തുക വകയിരുത്തി പദ്ധതി പൂർത്തിയാക്കി നടപ്പാത തുറന്ന് കൊടുക്കേണ്ടതും വിശദ മറുപടി ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (സാധാ) നം.660/2016/ത.സ്വ.ഭ.വ തീയതി. 18.02.2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന CH Muhammed Koya Chair For Studies On Developing Society എന്ന സ്ഥാപനത്തിന് 14.12.21 ലെ 11/179/2021(7) നമ്പർ ഭരണസമിതി തീരുമാന പ്രകാരം തനത് ഫണ്ടിൽ നിന്നും 25,000/- രൂപ (വൗച്ചർ നം.22200289/ 23.07.2022) നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ഉത്തരവിൽ ധനസഹായം നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് CH Muhammed Koya Chair For Studies On Developing Society യുടെ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണെന്ന് പറയുന്നു. എന്നാൽ പഞ്ചായത്ത് നൽകിയ തുക വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-21 ഇ- ടെണ്ടർ ഫീ തിരികെ ഈടാക്കാത്തത് സമ്പന്ധിച്ച്

തൂണേരി ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ (LID & EW) ഇ-ടെണ്ടർ ആരംഭിച്ചതു മുതൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെണ്ടർ ഫീ 2021 ആഗസ്റ്റ് മാസം വരെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. 03-08-2021 ലാണ് ഇ-ടെണ്ടർ ഫീ ഈടാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ എസ്.ബി.ഐ യിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയത്. അതുവരെയുള്ള ഇ-ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ഈടാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/22-23) ലഭ്യമാക്കിയ മറുപടി പ്രകാരം 2021 ആഗസ്റ്റ് വരെ ആകെ എത്ര തുക ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചു എന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ഇ-ടെണ്ടർ തുടങ്ങിയതു മുതൽ 2021 ആഗസ്റ്റ് വരെയുള്ള കാലയളവുകളിൽ തൂണേരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഇല്ലാതിരുന്ന കാലയളവിൽ മറ്റ് ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ആണ് നിർവ്വഹണ ചുമതലയുണ്ടായിരുന്നത് എന്നും ഈ കാലയളവിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളെല്ലാം അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ലോഗിനിൽ പരിശോധിച്ചാലാണ് ടെണ്ടർ ഫീ വിവരങ്ങൾ

ലഭ്യമാവുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് അറിയിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ ഇ-ടെണ്ടർ ഫീ സംബന്ധിച്ച് മറ്റ് രേഖകളൊന്നും ലഭ്യമല്ല.

ഇതിനാൽ നാളിതുവരെ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതൊക്കെ എന്ന് കണ്ടെത്തി ഇതിന് ഈടാക്കിയ ടെണ്ടർ ഫീ എത്ര എന്ന് പരിശോധിച്ച് ടെണ്ടർ ഫീ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പഞ്ചായത്തിൽ ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 എം.ജി.എൻ.ആർ.ഇ.ജി.എ മെറ്റീരിയൽ വർക്ക്- ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എ വാർഷിക പദ്ധതികൾ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ ചമച്ചിട്ടുള്ളതും 2022-23 വർഷം ചെലവ് വന്നിട്ടുള്ളതുമായ മെറ്റീരിയൽ വർക്കുകളിൽ നിന്നും 2% ജി.എസ്.ടി(ടി.ഡി.എസ്) കുറവ് ചെയ്യാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/22-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പകരമായി മെറ്റീരിയൽ സപ്ലൈ ചെയ്ത വെന്റർമാരിൽ നിന്നും ജി.എസ്.ടി അടവാക്കിയ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എ ബിൽ തയ്യാറാക്കുന്ന എം.ഐ.എസ് സോഫ്റ്റ്‌വെയറിൽ 2022-23 വരെ ടി.ഡി.എസ് ഈടാക്കുന്നതിനുള്ള സൗകര്യം ഇല്ലാത്തതിനാലാണ് ടി.ഡി.എസ് ആയി ജി.എസ്.ടി ഈടാക്കാൻ സാധിക്കാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. ജി.എസ്.ടി ഈടാക്കാതെ ബിൽ തുക നൽകിയത് ഗുരുതര കൃത്യ വിലോപമാണ്. നിലവിൽ എം.ഐ.എസ്-ൽ ടി.ഡി.എസ് ഈടാക്കുന്നതിനുള്ള ഓപ്ഷൻ ലഭ്യമായതിനാൽ ജി.എസ്.ടി ഈടാക്കേണ്ട മുഴുവൻ ബില്ലുകളിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് ആയി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ടേക്ക് എ.ബ്രേക്ക് പദ്ധതി നടത്തിപ്പിലെ അപാകതകൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ)39/2020/ത.സ്വ.ഭ.വ, തീയതി 20/02/2020, സ.ഉ.(കൈ)45/2020/ ത.സ്വ.ഭ.വ, തീയതി 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവിൽ [സ.ഉ.(സാധാ) നം.1401/2020/ത.സ്വ.ഭ.വ.] ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകുകയും ചെയ്തു.

മേൽ ഉത്തരവുകളുടെ ഭാഗമായി തൂണേരി ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം 175/21-22 ആയും 7,46,000/- രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (07/22-23) യ്ക്ക് ലഭ്യമാക്കിയ മറുപടി മേൽ പദ്ധതിയ്ക്കായി തുക വകയിരുത്തിയെങ്കിലും പദ്ധതിയ്ക്കായി സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്നാണ്. കൂടാതെ 2022-23 വർഷം ടേക്ക്-എ-ബ്രേക്കിനായി സ്ഥലം കണ്ടെത്താത്തതിനാൽ തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല.

പഞ്ചായത്തിൽ 2023-24 ൽ പ്രോജക്ട് നമ്പർ 211 ആയി ടേക്ക്-എ-ബ്രേക്ക് പദ്ധതി ആസൂത്രണം

ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനായി ആകെ വകയിരുത്തിയിരിക്കുന്ന തുക 300,000/- രൂപയാണ്. സർക്കാർ ലക്ഷ്യമിട്ട രീതിയിൽ പദ്ധതി നടപ്പിലാക്കാൻ പഞ്ചായത്ത് വകയിരുത്തിയ ഈ തുക നാമമാത്രമാണ്. പദ്ധതിയ്ക്കായി പഞ്ചായത്ത് പരിഗണിക്കുന്നത് രണ്ട് സ്ഥലങ്ങളാണ്. എന്നാൽ ഇതിൽ പുറമ്പോക്ക് ഭൂമിയുടെയും പി.എച്ച്.സി നിൽക്കുന്ന ഗ്രൗണ്ടിന്റെയും എൻ.ഒ.സി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റ് പിരീഡ് വരെ ലഭ്യമായിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിട്ടും പദ്ധതിയ്ക്കായി സർക്കാർ വിഭാവനം ചെയ്ത രീതിയിലുള്ള അനുയോജ്യമായ സ്ഥലം നാളിതുവരെ കണ്ടെത്താൻ കഴിയാത്തത് പഞ്ചായത്തിന്റെ വീഴ്ചയാണ്. ഇതിനാൽ അനുയോജ്യമായ സ്ഥലം അടിയന്തിരമായി കണ്ടെത്തി ആവശ്യമായ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കാനുള്ള അടിയന്തിര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതും പദ്ധതി പുരോഗതി വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, വാർഷിക കണക്ക് ബി-7 ഷെഡ്യൂൾ എന്നിവ പ്രകാരമുള്ള കാലഹരണപ്പെട്ട താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractors' Earnest Money Deposit | 22410/- |
| 2 | Suppliers' Earnest Money Deposit | 76279/- |
| 3 | Bidders' Earnest Money Deposit | 15866/- |
| 4 | Suppliers' Security Deposit | 1330 |
| 5 | Election Deposit | 35500/- |

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

## 1-25 അഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ എ.കെ.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി എന്നവർക്ക് 07.09.2016 തിയ്യതിയിൽ നൽകിയ 3000/- രൂപ നിലവിലും തിരികെ ഈടാക്കിയിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. തുക തിരികെ ഈടാക്കാത്തതിനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 സാക്ഷരത പ്രേരക് മാർക്ക് ഓണറേറിയം നൽകിയത് - തിരികെ ലഭിച്ചിട്ടില്ല.

2021-22 വർഷം സാക്ഷരത പ്രേരക് മാർക്ക് ഹോണറേറിയം ഇനത്തിൽ നൽകിയ 33120/- രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 22100018/3.4.2021 | 16200 | 2020 ഡിസംബർ, 2021 ജനുവരി മാസങ്ങളിലെ ഹോണറേറിയം |
| 22100052/22.4.2021 | 8280 | 2021 ഫെബ്രുവരി മാസത്തെ ഹോണറേറിയം |
| 22100315/3.8.2021 | 8640 | 2021 മാർച്ച് മാസത്തെ ഹോണറേറിയം |
| ആകെ | 33120 | |

ഓണറേറിയം തുക ലഭിക്കുവാൻ വൈകുന്ന സമയങ്ങളിൽ തനത്ഫണ്ടിൽ നിന്നും തുക നൽകേണ്ടതും, വിവരം ജില്ലാ സാക്ഷരതാ മിഷനിൽ അറിയിച്ച് തിരികെ വാങ്ങേണ്ടതുമാണ്. എന്നാൽ 2021-22 ൽ നൽകിയ തുക ഓഡിറ്റ് തിയ്യതി വരെയും തിരികെ ലഭിച്ചിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|

| | | |
|---|---|---|
| 2022-23 | ഓഡിറ്റ് ചെയ്ത തീയതികളിൽ | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 50000 | മിൽക്ക് ഇൻസെന്റീവ് | 50000 |
| | | 50000 | കാലിത്തീറ്റ സബ്സിഡി | 50000 |
| | | 111700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 111700 |
| | | 200000 | ലൈഫ് ഭവനപദ്ധതി-എസ്.സി | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1500000 | മിൽക്ക് ഇൻസെന്റീവ് | 1500000 |
| | | 375000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 375000 |

| | | | |
|---|---|---|---|
| | | | |
| | 400000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 400000 |
| | 229836 | 155-ാം നമ്പർ അങ്കണവാടി നിർമ്മാണം | 229836 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | പാറഭാഗം അങ്കണവാടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 100000 | 63630 | പൂർത്തീകരിച്ചു (ചെലവഴിക്കാൻ ബാക്കിയുള്ള തുക തിരിച്ചടച്ചു) |
| കെ.എസ്.ഇ.ബി | ത്രീഫേസ് ലൈൻ വലിക്കൽ-ചെറുവലത്ത് കുടിവെള്ള പദ്ധതി | 86341 | 86341 | പൂർത്തീകരിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 2018-19/ജി.ഒ (എം.എസ്) 68/2018/ തസ്വഭവ തി.18.05.2018 | - | 10900000/- | 1291730/- | 0 | 9608270/- |

കുറിപ്പ്:- 2022-23 വർഷത്തെ തിരിച്ചടവ് വിവരങ്ങൾ ചേർത്തുകൊണ്ട് ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തിരിച്ചടവ് വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഒന്നംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | നാദാപുരം സഹകരണ ആശുപത്രി നം-2470 | 09.02.1997 | | 10000 | ഷെയർ സർട്ടിഫിക്കറ്റ് നം-312 |
| ആകെ | | | | 10000 | |

## 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 22,23 | 2003-04 | 11.13.7.11 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 23,24 | 2003-04 | 11.13.7.22 116 | നികുതി പിരിവിൽ അലംഭാവം | പരാമർശം നില നിൽക്കുന്നു. |
| | | 2015-16 (പ്രവർത്തന ക്ഷമത റിപ്പോർട്ട്) | 4.1.5 38 | നികുതി/നികുതി യേതരം പൊരുത്ത പ്പെടാത്ത കണക്കുകൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ)1.70 90 | ആശ്രയ വീടിന് സ്ഥലം | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ) 2.4 91 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 3-13 | 2016-17 | 6(എ).3.2 91 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 334569112 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 332227020 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 335917 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 293467 | ഡോ. സൗമ്യവതി എൻ കെ. മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-17 | 42450 | ശ്രീ ഷാജി ആർ.എസ്, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സൗമ്യവതി എൻ | മെഡിക്കൽ ഓഫീസർ | സ്നേഹതീരം, |

| | | |
|---|---|---|
| കെ. മെഡിക്കൽ ഓഫീസർ (ഹോമിയോ) | (ഹോമിയോ), തൂണേരി ഗ്രാമപഞ്ചായത്ത് | നരിപ്പറ്റ(പി.ഒ) കല്ലാച്ചി |
| ശ്രീ ഷാജി ആർ.എസ്, സെക്രട്ടറി | സെക്രട്ടറി അഴിയൂർ ഗ്രാമപഞ്ചായത്ത് | സാറാസ് ഉച്ചക്കട (പി.ഒ.) പയറ്റുവിള തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 (വരവ്) | കെ.എസ്.എ കെകെഡി പി5/1159/2004 തി.10.4.04 | 1 | 3-4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി5/23/13 തീ.10/06/2013 | 4 | 2-1,3-2,3-3, 3-4, |
| 2003-04 | കെ.എസ്.എ കെകെഡി പി5/398/22 തീ.17.2.23 | 1 | 3-4 |
| 2006-07 | കെ.എസ്.എ കെകെഡി പി5/1458/2019(7) തീ.17.11.2020 | 6 | 3-1, 3-2, 3-4, 3-6, 3-7, 3-8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി11/951/14 തീ.10/10/14 | 2 | 3-6,3-12 |
| 2010-11 & 2011-12 | കെ.എസ്.എ കെകെഡി പി5/398/22 തീ.124.3.23 | 2 | 3-3, 3-15, |
| 2012-13 & 2013-14 | കെ.എസ്.എ കെകെഡി പി5/398/22 തീ.25.3.23 | 1 | 3-3 |
| 2014-15 | കെ.എസ്.എ കെകെഡി പി5/398/22 തീ.4.4.23 | 4 | 2-2,3-1, 3-4, 3-5, |
| 2015-16 | കെ.എസ്.എ കെകെഡി പി5/398/22 തീ.5.4.23 | 4 | 2-4,3-1,3-2,3-5 |
| 2016-17 | കെ.എസ്.എ കെകെഡി പി5/398/22തി.5.4.23 | 8 | 2-1(4), 2-2, , 3-3, 3-4, 3-11(3), 3-14, 3-15, 3-17 |
| 2017-18 | കെ.എസ്.എ കെകെഡി പി5/398/22 തീ.5.4.23 | 6 | 1-12(6), 2-3, 2-4(3),3-5, 3-9, 3-13(2)(iii) |

| | | | |
|---|---|---|---|
| | | | (lv) |
| 2018-19 | കെ.എസ്.എ കെകെഡി പി5/398/22 തീ.5.4.23 | 3 | 1-10(4,5),1-32, 1-33 |
| 2019-20 | കെ.എസ്.എ കെകെഡി പി5/1270/22 തീ.11.11.22 | 10 | 1-1(1),1-(1), 1-9(3),1-10(1), 1-10(3), 1-15, 1-16, 1-17, 1-18,1-19 |
| 2020-21 | കെ.എസ്.എ കെകെഡി പി5/384/22 തീ.13.06.23 | 33 | 1-1 , 1-3 മുതൽ 1-34 വരെ |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി5/ 2260/2022 തീ.27.05.2023 | 33 | 1-1 ,1-9 മുതൽ 1-32 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 123/2023 dated 04-07-2023 and submitted on 04-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thuneri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thuneri Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Thuneri Grama Panchayat for the Year 2022-2023.

**1.Major Observations**

a) Non-inclusion of bank account.
omission in inclusion of bank account

**2.Other Observations**

a) The following mandatory financial statements prescribed in accounting rules not submitted for audit
eg-Ratios
b) cash flowstatements -Net increase /decrease in cash flow does not match with the difference between
the opening balance and closing balance.

c) The following registers are not match with accounts

eg - Asset Register, Loan Register, Stock Register

d) Lapes in making timely and and accurate demand enteries in respect of tax and non tax

e) ) The following demand register is not periodically reconciled with accounts

Ex:- Property tax

f) Grant liability amount shown as liability in balance sheet does not match
with bank account opened for the specified grant account

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്